**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂളുകളിലെ തസ്തിക നഷ്ടം വന്നു പുറത്താകുന്ന അദ്ധ്യാപകരുടെ ബ്രേക്കിനു മുമ്പുള്ള റഗുലർ സർവ്വീസ് പെൻഷനാനുകൂല്യങ്ങൾക്ക് പരിഗണിക്കുവാൻ അനുമതി നൽകി ഉത്തരവുപുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(കൈ) നം.131/2014/പൊവിവ തീയതി, തിരുവനന്തപുരം,17.7.2014

---

പരാമർശം: സ.ഉ.(പി) നം.240/99/പൊവിവ തീയതി 29.9.1999

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഡിവിഷനുകളും തസ്തികകളും അനുവദിക്കുന്നത് കെ.ഇ.ആർ വ്യവസ്ഥകൾക്കനുസൃതമായാണ്. ഡിവിഷനുകൾ അനുവദിക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി കെ.ഇ.ആർ. അദ്ധ്യായം VI, ചട്ടം 23 പ്രകാരമായതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതുമൂലം ഡിവിഷനുകൾ കുറഞ്ഞ് അദ്ധ്യാപകർ പുറത്തുപോകുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

മേൽ പറഞ്ഞ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ തസ്തികനഷ്ടം വന്ന് പുറത്താകുന്ന അദ്ധ്യാപകരുടെ ബ്രേക്ക് കാലയളവിനു മുമ്പുള്ള സർവ്വീസ് ലീവ് വേക്കൻസിയിലാകരുത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മാത്രം കെ.എസ്.ആർ. ഭാഗം 111 ചട്ടം 31 (നോട്ട് 3) ന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ബ്രേക്ക് മാപ്പാക്കി, ബ്രേക്കിനു മുമ്പുള്ള റഗുലർ സർവ്വീസ് പെൻഷനാനുകൂല്യങ്ങൾക്കു കണക്കിലെടുക്കാവുന്നതാണ്. ബ്രേക്ക് കാലയളവോ, ബ്രേക്കിനു മുമ്പുള്ള താത്ക്കാലിക ലീവ് സർവ്വീസോ പെൻഷനു പരിഗണിക്കുകയില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം

എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം,തിരുവനന്തപുരം

ധനകാര്യ(എഡ്യൂ.സി) വകുപ്പ് (2.1.2008 ലെ യു.ഒ(ഫയൽ) 90097/എഡ്യൂ സി2/07/ഫിൻ പ്രകാരം)

ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

**സെക്ഷൻഓഫീസർ**